ആരാഞ്ഞശേഷം ഡിപ്പാർട്ടുമെന്റൽ പർച്ചേസ് കമ്മിറ്റിയുടെ ശുപാർശയനുസരിച്ചു മാത്രമേ നടപടികൾ സ്വീകരിക്കുകയുള്ളൂ.

64 (2755) ട്രക്കുകൾ വാങ്ങിയ നടപടി

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലവകുപ്പിൽ റിഗ്ഗുകൾ വാങ്ങിയിട്ടില്ലെങ്കിലും അവ പിടിപ്പിക്കുന്നതിന് 10 ട്രക്കുകൾ വാങ്ങുകയുണ്ടായോ; എങ്കിൽ എന്നാണ് ഇവ വാങ്ങിയത്;

(ബി) ഈ ട്രക്കുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ട്രക്കുകളുടെ ഷാസികൾ വകുപ്പിന്റെ കൊല്ലത്തുള്ള കേന്ദ്രകലവറയിൽ മഴ നനഞ്ഞു തുരുമ്പെടുത്തുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റിഗ്ഗുകൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയാകുന്നതിന് വളരെ മുമ്പേ തന്നെ ട്രക്കുകൾ വാങ്ങിയതിനുള്ള കാരണമെന്താണ്;

(ഇ) ഇക്കാര്യത്തിൽ നിലനിൽക്കുന്ന ദുരൂഹത നീക്കുന്നതിന് ഉന്നതതലത്തിൽ ഒരന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 10 ഡിസ്മാന്റിലിംഗ് ടൈപ്പ് റിഗ്ഗുകൾ പിടിപ്പിക്കുന്നതിനാവശ്യമായ 10 ട്രക്ക് ചേസിസുകൾക്ക് 12.1.1999-ൽ ഓർഡർ നൽകുകയും 24.2.1999 -ൽ അവ വകുപ്പിന്റെ കൊല്ലത്തുള്ള സെൻട്രൽ സ്റ്റോറിൽ എത്തിച്ചേരുകയും ചെയ്തു.

(ബി) ഈ ട്രക്കുകൾ കൊല്ലത്തുള്ള ഡിപ്പാർട്ടുമെന്റ് സ്റ്റോറിൽ സൂക്ഷിച്ചിരിക്കുകയാണ്.

(സി) ഇല്ല. തുരുമ്പെടുക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) റിഗ്ഗുകൾ വാങ്ങുന്നതിനുള്ള ടെൻഡർ വിളിക്കുമ്പോൾ അതിലെ ഒരു നിബന്ധന ഡിപ്പാർട്ടുമെന്റ് നൽകുന്ന ചേസിസുകളിൽ അവ ഘടിപ്പിച്ചു നൽകണമെന്നതായിരുന്നു. ഇതനുസരിച്ച് റിഗ്ഗുകൾക്കും കംപ്രസറുകൾക്കും ഓർഡർ നൽകുന്നതിനു മുമ്പുതന്നെ ട്രക്കു ചേസിസുകൾക്കുള്ള ഓർഡർ കേന്ദ്രഗവൺമെന്റിന്റെ ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് ആന്റ് ഡിസ്പോസൽസ് (ഡി.ജി.എസ്. ആന്റ് ഡി.)യുടെ നിലവിലുള്ള റേറ്റ് കോൺട്രാക്ട് പ്രകാരം നൽകി. കംപ്രസറുകളും റിഗ്ഗുകളും വാങ്ങാനുള്ള ടെൻഡറുകൾ 12.3.1999ൽ കൂടിയ ഡിപ്പാർട്ടുമെന്റൽ പർച്ചേസ് കമ്മിറ്റി പരിശോധിച്ചുവെങ്കിലും ടെൻഡറുകളിലെ ചില അപാകതകൾ കാരണം തീരുമാനമെടുത്തില്ല. ഇക്കാര്യത്തിൽ അനുമതി നൽകിയിട്ടില്ലാത്തതിനാലാണ് റിഗ്ഗുകൾ വാങ്ങാൻ കാലതാമസം വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇക്കാര്യത്തിൽ ഒരു ദുരൂഹതയും നിലനിൽക്കുന്നില്ല. ഡി.ജി.എസ്. ആന്റ് ഡി റേറ്റ് കോൺട്രാക്റ്റ് അനുസരിച്ചുള്ള വില മാർക്കറ്റ് വിലയേക്കാൾ വളരെ കുറവാണ്. ഇതനുസരിച്ചാണ് ചേസിസുകൾ വാങ്ങിയത്. റിഗ്ഗുകൾ വരുന്നതിനു മുമ്പുതന്നെ ട്രക്കുകൾ വാങ്ങിയെങ്കിൽ മാത്രമേ അവ ഘടിപ്പിക്കുവാൻ സാദ്ധ്യമാകുകയുള്ളൂ. റിഗ്ഗുകൾ വാങ്ങുന്നമുറയ്ക്ക് അവ ചേസിസുകളിൽ ഘടിപ്പിക്കുന്നതാണ്.

65 (2756) സംസ്ഥാനത്ത് ശുദ്ധജലം ലഭിക്കുന്നവർ

ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ശതമാനം പേർക്ക് ഇപ്പോൾ ശുദ്ധജലം ലഭ്യമാക്കാൻ കഴിയുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ശതമാനം ഗ്രാമീണരും എത്ര ശതമാനം നഗരവാസികളും ഉൾപ്പെടുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 3/99-ലെ കണക്കു പ്രകാരം സംസ്ഥാനത്ത് 58% പേർക്ക് ശുദ്ധജലം ലഭിക്കുന്നുണ്ട്.

(ബി) ഇതിൽ 51% ഗ്രാമീണ ജനതയും 77.7% നഗര വാസികളും ഉൾപ്പെടുന്നു.

66 (2757) വാട്ടർ കണക്ഷൻ നൽകുന്നതിന് നിരോധനം

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല വിതരണ പദ്ധതികളുടെ പണികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ വർക്കല മണ്ഡലത്തിലെ പ്രദേശങ്ങളിൽ ഗാർഹിക ആവശ്യത്തിന് വാട്ടർ കണക്ഷൻ നൽകുന്നത് നിർത്തി വച്ചിരിക്കുകയാണോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഈ നിരോധനം എപ്പോൾ മുതലാണ് നിലനിൽക്കുന്നതെന്നും ഇപ്പോഴും തുടരുന്നുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) നിരോധനം ഇപ്പോഴും നിലനിൽക്കുന്നുവെങ്കിൽ എന്നത്തേയ്ക്ക് അവസാനിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) നിരോധനം അവസാനിക്കുന്നതിനെത്തുടർന്ന് ഇവിടെ വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള അധികാരം വാട്ടർ അതോറിറ്റിക്കാണോ മുൻസിപ്പാലിറ്റി/പഞ്ചായത്തുകൾക്കാണോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly